പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1976 06.07.2015-ൽ മറുപടിക്ക്

## ഒത്തു തീർപ്പ് വ്യവസ്ഥകൾ

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
" എളമരം കരീം :
" എം. ചന്ദ്രൻ :
ശ്രീമതി. പി. അയിഷാ പോറ്റി :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടേറിയറ്റ് നടയിൽ നടത്തിവന്ന രാപകൽ സത്യാഗ്രഹ സമരം ഒത്തുതീർപ്പാക്കുന്നതിന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ; | (എ) | യോഗ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; പെൻഷൻ വിതരണത്തിന് പ്രതിമാസം എത്ര കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് നൽകുമെന്നായിരുന്നു തീരുമാനം ; ആയതുപ്രകാരം ഇക്കഴിഞ്ഞ മാസങ്ങളിൽ സർക്കാരും കെ.എസ്.ആർ.ടി.സി.യും ട്രഷറിയിൽ നിക്ഷേപിച്ച തുക എത്ര ; വിശദമാക്കാമോ ? | (ബി) | യോഗത്തിലെ തീരുമാനങ്ങൾ KSRTC നടപ്പാക്കി വരുന്നു. പെൻഷൻ വിതരണത്തിനായി ഓരോ മാസവും KSRTC ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആനുപാതികമായ തുക (പരമാവധി 20 കോടി രൂപ) നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം ഏപ്രിൽ മാസം KSRTC 14.40 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചു. തുല്യമായ വിഹിതംകൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ സർക്കാർ KSRTC-ക്ക് അനുവദിച്ചു നൽകി. മേയ് മാസം KSRTC 20 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചു. തുല്യമായ തുക സർക്കാർ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2013-14 വരെ കോർപ്പറേഷൻ സർക്കാരിൽ നിന്നും വായ്പയെടുത്ത |

| | | | |
|---|---|---|---|
| | | | 1090.50 കോടി രൂപ ഇക്വിറ്റി ആക്കുന്ന കാര്യം പരിശോധനയിലാണ്. എറണാകുളം ജില്ലാ ബാങ്കിൽ നിന്നും 300 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. കൂടാതെ യോഗ തീരുമാന പ്രകാരമുള്ള 22 കോടി രൂപായും അനുവദിച്ചു നൽകിയിട്ടുണ്ട്. ശമ്പളം കൃത്യ മായി വിതരണം ചെയ്യുന്നു. KTDFC-യിൽ നിന്നുമെടുത്ത ഹൃസ്വകാല വായ്പ ദീർഘകാല വായ്പയാക്കി മാറ്റുന്ന നടപടി കൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശികയിൽ പ്രതിമാസം 15,000/- രൂപ വരെ തൽക്കാലം എല്ലാവർക്കും നൽകും. ആദ്യഗഡു ഡിസംബർ 24-നും ബാക്കി രണ്ട് ഗഡുകൾ 15,000/- രൂപ വരെ 2015 ഫെബ്രുവരി 15-നകവും നൽകുന്നതാണ്. ഈ മാസത്തിലെ 15,000/- രൂപയിൽ കൂടുതൽ പെൻഷൻ തുക യഥാക്രമം ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ നൽകും.
2. 2015 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ അതത് മാസങ്ങളിൽ 15,000/- രൂപ വരെ ക്ലിപ്തപ്പെടുത്തി നൽകുന്നതാണ്. പ്രസ്തുത മാസങ്ങളിലെ ബാക്കി തുക ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നൽകുന്നതാണ്.
3. ഏപ്രിൽ ഒന്ന് മുതൽ പെൻഷൻ നൽകുന്നതിന് പെൻഷൻ ഫണ്ട് രൂപീകരിക്കും. ഇതിനായി ഓരോ മാസവും 20 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിക്കും.
4. തുല്യതുക നോൺ-പ്ലാൻ വിഹിതമായി സർക്കാർ |ഒരു വർഷം പരമാവധി 240 കോടി രൂപ| നൽകും. ട്രഷറി അക്കൗണ്ടിൽ കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്നതിന് ആനുപാതികമായിട്ടായിരിക്കും ഈ നോൺ-പ്ലാൻ ഗ്രാന്റ് മാസം തോറും നൽകുന്നത്.
5. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സർക്കാർ ലോൺ ഇക്വിറ്റിയാക്കി മാറ്റും.
6. കെ.എസ്.ആർ.ടി.സി.യുടെ ബാദ്ധ്യത തീർക്കുന്നതിന് 200 കോടിയുടെ അധിക വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകും.
7. വരുമാനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കും
    I. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുത്ത വായ്പ ദീർഘകാല ബാങ്ക് ലോണാക്കി മാറ്റും.
    II. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കും.
    III. നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ വഴി പ്രതിദിനം ഒരു കോടി 17 ലക്ഷം രൂപയാണ് കെ.എസ്.ആർ.ടി.സി.ക്ക് ബാധ്യത. മാസം ഏകദേശം 35 കോടി രൂപ ഈ ഇനത്തിൽ നഷ്ടമുണ്ടാകുന്നു. ഈ സാഹചര്യത്തിൽ നഷ്ടത്തിലോടുന്ന 25 ശതമാനം ഷെഡ്യൂളുകൾ നിർത്തുകയും ലാഭകരമായി പുനഃക്രമീകരിക്കുകയും ചെയ്യും.
8. ശമ്പളം കൃത്യമായി നൽകും.

9. മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരാനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് റിക്രൂട്ട് ചെയ്യും.

10. കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നത് സംബന്ധിച്ച് ആവശ്യമായ വിദഗ്ദ്ധ പഠനം നടത്തി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം.

11. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്ത ശേഷം സമഗ്രമായ ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പാക്കും.

12. നാളിതുവരെ പ്രഖ്യാപിച്ചതിൽ ഉപരിയായി ഇനി മുതൽ കൂടുതൽ കൺസഷനുകൾ അനുവദിക്കുന്നതല്ല.

13. പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച തീരുമാനം മാറ്റി വെച്ചു.

14. പ്ലാൻ ഫണ്ട്, ആസ്തി വികസനത്തിനുള്ള ലോൺ എന്നിവ അടുത്ത സാമ്പത്തിക വർഷം മുതൽ വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല.

15. റീ-അപ്രോപ്രിയേഷൻ വഴി 22 കോടി രൂപ സർക്കാർ ഈ സാമ്പത്തിക വർഷം ലഭ്യമാക്കും. ആയത് ഈ മാസം തന്നെ ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ